(സി), (ഡി) ആന്റ് (ഇ) മലബാർ സിമന്റ്സിലെ കാഷ്വൽ ലേബർ പൂളിൽപ്പെട്ട ജീവനക്കാരെ പെർമനന്റ് ലേബർ പൂൾ വർക്കർ എന്ന തസ്തികയിൽ നിയമിക്കണമെന്ന ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റെ ഒരു അവാർഡ് നിലവിലുണ്ട്. പ്രസ്തുത അവാർഡിനെതിരെ കമ്പനി സമർപ്പിച്ചിട്ടുള്ള ഹർജി ഇപ്പോൾ ഹൈക്കോടതിയുടെ പരിഗണനയിലാണ്.

(എഫ്) ഇക്കാര്യം ബഹു. ഹൈക്കോടതിയുടെ പരിഗണനയിലായതിനാൽ ഇപ്പോൾ പരിഗണിക്കാൻ നിർവാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly

കാസർകോട് ജില്ലയിലെ ഖനിജങ്ങളുടെ ലഭ്യത സംബന്ധിച്ച് പഠനം

17 [2054] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന മൈനിങ്ങ് ആന്റ് ജിയോളജി വകുപ്പിന്റെ ഖനിജ പര്യവേഷണ വിഭാഗം കാസർഗോഡ് ജില്ലയിലെ ഖനിജങ്ങളുടെ ലഭ്യത സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ജില്ലയിൽ എന്തൊക്കെ ഖനിജങ്ങൾ കണ്ടെത്തിയിട്ടുണ്ടെന്നും ഓരോ ഖനിജ ശേഖരത്തിന്റെയും അളവുകളും ഗുണമേന്മയും എന്താണെന്നും അറിയിക്കാമോ ;

(ബി) പ്രസ്തുത ഖനിജങ്ങൾ എവിടെയെല്ലാമാണ് ഉള്ളതെന്നും എത്ര മീറ്റർ ആഴത്തിലാണ് ഉള്ളതെന്നും വ്യക്തമാക്കാമോ ;

(സി) ഖനിജങ്ങളുടെ ഖനനവുമായി ബന്ധപ്പെട്ട് എന്തൊക്കെ പ്രവർത്തനങ്ങൾ ജില്ലയിൽ ഇപ്പോൾ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ;

(ഡി) ജില്ലയിലെ ബോക്സൈറ്റ്/കളിമൺ ഖനനത്തിനായി ഏതെങ്കിലും സ്വകാര്യവ്യവസായികൾ അപേക്ഷിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്. ബോക്സൈറ്റ്, ചൈനകളിമൺ, ലിഗ്നൈറ്റ് എന്നീ ഖനിജങ്ങൾ കണ്ടെത്തിയിട്ടുണ്ട്. മഞ്ചേശ്വരം, പുതുക്കായ്, നീലേശ്വരം, പാലായ് പ്രദേശങ്ങളിൽ 13.70 ദശലക്ഷം ടൺ ഗുണമേന്മയുള്ള ചൈന കളിമൺ നിക്ഷേപവും സീതാംഗോളി, ബേള ഭാഗത്ത് ഗുണമേന്മയുള്ള 9.9 ദശലക്ഷം ടൺ ചൈന കളിമണ്ണിന്റെ നിക്ഷേപവും നീലേശ്വരം ഭാഗത്ത് 5.32 ദശലക്ഷം ടൺ ബോക്സൈറ്റ് നിക്ഷേപവും കണ്ടെത്തിയിട്ടുണ്ട്.

നീലേശ്വരം, പാലായ് ഭാഗത്ത് 2.0 ദശലക്ഷം ടൺ ലിഗ്നൈറ്റും കാടൻകോട്ടുമലയിൽ 1.0 ദശലക്ഷം ടൺ ലിഗ്നൈറ്റും കയ്യൂർ ഭാഗത്ത് 0.55 ദശലക്ഷം ടൺ ലിഗ്നൈറ്റും കണ്ടെത്തിയിട്ടുണ്ട്.

(ബി) വിശദ വിവരം ചുവടെ ചേർക്കുന്നു :

ചീനകളിമൺ പുതുക്കായ്, നീലേശ്വരം, മഞ്ചേശ്വരം,എരിക്കുളം, കാസർകോട്ട് മല	10 മുതൽ 15 മീറ്റർ ആഴത്തിൽ
ബോക്സൈറ്റ് നീലേശ്വരം	2 മുതൽ 6 മീറ്റർ ആഴത്തിൽ
ലിഗ്നൈറ്റ് നീലേശ്വരം, പാലായ്, കാസർകോട്ട് മല, കയ്യൂർ	15 മുതൽ 30 മീറ്റർ വരെ ആഴത്തിൽ പലപാളികളായി കാണപ്പെടുന്നു

(സി) മുംബൈ ആസ്ഥാനമായ ആഷാപുര എന്ന കമ്പനി കാസർഗോഡ് ജില്ലയിൽ ബോക്സൈറ്റ് ഖനനത്തിനായി രണ്ട് അപേക്ഷകൾ നൽകിയിട്ടുണ്ട്.

കാസർഗോഡ് ജില്ലയിൽ ചീന കളിമൺ ഖനനത്തിന് സതേൺ ക്ലേയ്സ് എന്ന സ്ഥാപനത്തിന് ഖനനാനുമതി നൽകിയിട്ടുണ്ട്.

(ഡി) ബോക്സൈറ്റിനും കളിമൺ ഖനനത്തിനുമായി മെ. കെ.സി.സി.പി.ക്ക് അനുമതി നൽകിയിട്ടുണ്ട്.

വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു

ഹോസ്ദുർഗ്ഗ് താലൂക്കിൽ കരിന്തളം വില്ലേജിൽ 89-ാം നമ്പർ സർവ്വേ നമ്പരിൽ 1054 ഏക്കർ സ്ഥലത്തേയ്ക്കും കിണന്തർ വില്ലേജിൽ 156, 198, 246, 248, 274 സർവ്വേ നമ്പരിൽപ്പെട്ട 1670.37 ഏക്കർ സ്ഥലത്തേയ്ക്കും കൂടാതെ കരിന്തളം വില്ലേജിൽ സർവ്വേ നമ്പർ 89-ൽ 426.55 ഹെക്ടറിൽ നിന്നും ബോക്സൈറ്റ്, അലുമിനസ് ലാറ്ററൈറ്റ്, ചൈന ക്ലേ ഇവ ഖനനം ചെയ്യുന്നതിനുള്ള അനുമതിയ്ക്കായി മുംബൈ, ആശാപുര മൈൻ ഖേം ലിമിറ്റഡ് എന്ന സ്വകാര്യ സ്ഥാപനം അപേക്ഷ നൽകിയിട്ടുണ്ട്.

ഹോസ്ദുർഗ്ഗ് താലൂക്കിൽ പെറോൾ വില്ലേജിൽ 290/1 റീസർവേ നമ്പരിലെ 2.925 ഹെക്ടറിൽ നിന്നും ചൈനക്ലേ ഖനനത്തിന് ലഭിച്ച മൈനിങ് ലീസ് 7-4-2004-ലെ ജി.ഒ. (എം.എസ്.) നമ്പർ 41/2004/ഐ.ഡി. നമ്പരിലുള്ള സർക്കാർ ഉത്തരവിൻ പ്രകാരം മെ. സതേൺ ക്ലേയ്സ് ആന്റ് മിനറൽ (പ്രൈ.) ലിമിറ്റഡ് നീലേശ്വർ, കാസറഗോഡ് എന്ന സ്വകാര്യ സ്ഥാപനത്തിന് പുതുക്കി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly